വിവരങ്ങൾ മാർക്കറ്റിംഗ് മാനേജർക്കും ഫിനാൻസ് മാനേജർക്കും നൽകിയിരിക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ഇ) വൈക്കം, ചേർത്തല, അഞ്ചാലുംമൂട് (കൊല്ലം), പരവൂർ (കൊല്ലം) എന്നീ സെന്ററുകളിൽ ഡിസ്ട്രസ് പർച്ചേസ് നടത്തിയതിൽ ചില ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ട്. ഇതിന് ഉത്തരവാദികളായവരുടെ പേരിൽ കയർഫെഡ് നടപടികൾ സ്വീകരിച്ചുവരികയാണ്.

കയർ വ്യവസായത്തിലെ മിനിമം എക്സ്പോർട്ട് പ്രൈസ്

47 (2103)ശ്രീ. കെ. പ്രകാശ് ബാബു :

ശ്രീ. കെ.പി. രാജേന്ദ്രൻ :

ശ്രീ. പി. രാജു :

ശ്രീ. സി.എൻ. ജയദേവൻ :

ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ വ്യവസായത്തിൽ മിനിമം എക്സ്പോർട്ട് പ്രൈസ് റദ്ദാക്കണമെന്ന് ന്യൂഡൽഹി നാഷണൽ കൗൺസിൽ ഓഫ് അപ്ലൈഡ് എക്കണോമിക്സ് റിസർച്ച് പഠനം നടത്തി ശുപാർശ ചെയ്തിട്ടുണ്ടോ;

(ബി) എങ്കിൽ മിനിമം എക്സ്പോർട്ട് പ്രൈസ് നിലനിറുത്തണം എന്ന് കേന്ദ്രത്തോടാവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഈ ആവശ്യത്തിന്മേൽ കേന്ദ്രഗവൺമെന്റിന്റെ അഭിപ്രായം എന്താണെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) സംസ്ഥാന സർക്കാരിന്റെ ആവശ്യം പരിശോധിച്ചു വരികയാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ട്.

സിൽക്കു തുണി നെയ്യുന്ന സഹകരണ സംഘങ്ങൾ

48 (2104)ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. പി.ജെ. ഫ്രാൻസിസ് :

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങൾക്ക് സിൽക്ക് തുണി നെയ്യുന്ന എത്ര സഹകരണ സംഘങ്ങൾ ഉണ്ട്;

(ബി) ഇവയ്ക്കാവശ്യമായ സിൽക്കു നൂൽ ലഭിക്കുന്നത് ഏതു വിധത്തിലാണ്;

(സി) അതിനുവേണ്ടി ഏതെല്ലാം വിധത്തിലുള്ള ധനസഹായം നൽകി വരുന്നു എന്ന് വിശദമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് സിൽക്ക് തുണി നെയ്യുന്ന 25 സഹകരണ സംഘങ്ങൾ ഉണ്ട്.

(ബി) സംഘങ്ങൾക്കാവശ്യമായ സിൽക്കു നൂൽ അയൽസംസ്ഥാനങ്ങളായ തമിഴ്നാട്, കർണ്ണാടക എന്നിവിടങ്ങളിൽ നിന്നും ശേഖരിക്കുന്നു.

(സി) ഓരോ പ്രാഥമിക സംഘത്തിനും തറികൾ സ്ഥാപിക്കുന്നതിനുള്ള ഷെഡ് നിർമ്മാണത്തിന് ഒരു ലക്ഷം രൂപ വരെയും തറി വാങ്ങുന്നതിന് ഒരു തറിക്ക് 4000 രൂപ നിരക്കിൽ പരമാവധി 20 തറികൾക്ക് 80,000 രൂപ വരെയും, തറി ഉപകരണങ്ങൾ വാങ്ങുന്നതിന് ഒരു തറിക്ക് 2000 രൂപ നിരക്കിൽ പരമാവധി 20 തറികൾക്ക് 40,000 രൂപ വരെയും, തൊഴിലാളികൾക്ക് പരിശീലനത്തിന് 36,000 രൂപ വരെയും പരിശീലനത്തിന് ശേഷം നെയ്ത്താരംഭിക്കുന്ന തൊഴിലാളിക്ക് ആദ്യ നാളുകളിൽ വേതനത്തിലുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിന് ദിവസം 15 രൂപ നിരക്കിൽ 22,500 രൂപ വരെയും അസംസ്കൃതവസ്തുക്കൾ സമാഹരിക്കുന്നതിന് ഗ്രാന്റായി 18,000 രൂപ വരെയും ആണ് സിൽക്ക് വീവിംഗിന് നൽകിവന്നിരുന്ന പ്രധാന സഹായങ്ങൾ. 1997-98 വരെ കൈത്തറി-ടെക്സ്റ്റയിൽസ് ഡയറക്ടറേറ്റു വഴിയാണ് ഉൽപന്ന വൈവിധ്യവൽക്കരണമെന്ന നിലയിൽ സിൽക്ക് ഇനങ്ങൾ നെയ്യുന്നതിന് സാമ്പത്തിക സഹായം നൽകിയിരുന്നത്. 1998-99 മുതൽ ജില്ലാ പഞ്ചായത്തുകളാണ് ഈ പദ്ധതി പ്രകാരമുള്ള ധനസഹായം നൽകിവരുന്നത്.

പട്ടുനൂൽപ്പുഴു ഉൽപ്പാദക സഹകരണസംഘങ്ങൾ

49 (2105) ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. പി.ജെ. ഫ്രാൻസിസ് :

ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പട്ടുനൂൽ പുഴു ഉൽപ്പാദക സഹകരണ സംഘങ്ങൾ ഉണ്ട്;

(ബി) ഇത്തരം സംഘങ്ങൾക്ക് ഗവൺമെന്റ് എന്തെല്ലാം സഹായം ചെയ്തുവരുന്നു;

(സി) ഇത്തരം സംഘങ്ങളുടെ ഒട്ടാകെയുള്ള ഉൽപാദനം എത്രയാണ്;

(ഡി) ഈ സംഘങ്ങൾ ഉൽപ്പാദിപ്പിക്കുന്ന പട്ടുനൂൽ എവിടെയാണ് വിറ്റഴിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പട്ടുനൂൽപ്പുഴു ഉൽപ്പാദനത്തിനു മാത്രമായി പ്രത്യേകം സഹകരണ സംഘങ്ങളില്ല. എന്നാൽ സെറികൾച്ചർ വ്യവസായം കാര്യക്ഷമമാക്കുന്നതിനായി രൂപീകരിച്ചിട്ടുള്ള 'സെറിഫെഡിൽ' പട്ടുനൂൽ പുഴുവളർത്തലുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങൾക്കുമായി 153 സെറികൾച്ചർ സഹകരണ സംഘങ്ങൾക്ക് അഫിലിയേഷൻ നൽകിയിട്ടുണ്ട്.

(ബി) ഫെഡറേഷനിൽ അഫിലിയേറ്റ് ചെയ്ത സഹകരണ സംഘങ്ങൾക്ക് മാനേജീരിയൽ സബ്സിഡി, ഫർണിച്ചർ/എക്യുപ്മെന്റ് ഗ്രാന്റ്,

LIBRARY ARCHIVES Kerala Legislative Assembly